# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇലകമൺ ഗ്രാമപഞ്ചായത്ത് - 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.10-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 539 / 14/തസ്വഭവ. തിരുവനന്തപുരം, തീയതി: 25/02/2014

പരാമർശം:- 1) ഇലകമൺ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 26/07/2013-ലെ A2/3207/13 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 01/01/2014-ലെ LF-18106/PT1/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ പാളയംകുന്ന് കുടിവെള്ള പദ്ധതിയ്ക്ക് വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നതിനായി സർക്കാർ ഉത്തരവ് മറികടന്ന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 63,000/- രൂപ ചെലവഴിച്ചത് ഓഡിറ്റ് നിരാകരിച്ചിരുന്നു.

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ, ചെമ്മരുതി എന്നീ ഗ്രാമപഞ്ചായത്തുകളിലെ 4000 ജനങ്ങൾക്ക് പ്രയോജന പ്രദമായ ബൃഹത്തായ ഒരു പദ്ധതിയാണ് പാളയംകുന്ന്-വണ്ടിപ്പുര കോമ്പൗർ കുടിവെള്ള പദ്ധതി എന്നും 2011-12 വർഷത്തെ വാർഷിക പദ്ധതിയിൽ വൈദ്യുതി ചാർജ്ജ് കൊടുക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 63,000/- രൂപ ചെലവഴിക്കാൻ പദ്ധതി തയ്യാറാക്കുകയും ആയതിന് ഡി.പി.സി അംഗീകാരം നൽകുകയും ചെയ്ത സാഹചര്യത്തിലാണ് തുക ചെലവഴിച്ചതെന്നും ആയതിനാൽ ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവ് സാധൂകരിച്ച് നൽകണമെന്നും 23/07/2013-ലെ ഗ്രാമപഞ്ചായത്ത് യോഗം V (4)-ാം തീരുമാന പ്രകാരം സൂചന ഒന്ന് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് സൂചന 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ 30/05/2009-ലെ സർക്കാർ ഉത്തരവ് (സാ) 1275/2009/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃസമിതികൾ വഹിക്കേണ്ടതാണെങ്കിലും പരാമർശിത പദ്ധതിയുടെ ജലവിതരണ ശൃംഖലയുടെ വ്യാപ്തിയും നിലവിലെ കാര്യക്ഷമമായ പ്രവർത്തനം എന്നിവ കണക്കിലെടുത്ത് ഗുണഭോക്തൃസമിതിയുമായി കരാർ ഉടമ്പടി ഉണ്ടാക്കണമെന്ന നിർദ്ദേശം നൽകി, ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന മുന്നറിയിപ്പോടെ പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും ഗുണഭോക്തൃ സമിതികൾ വഹിക്കേണ്ടതിലേയ്ക്ക് ഗുണഭോക്തൃ സമിതിയുമായി

കരാർ ഉണ്ടാക്കണമെന്ന നിബന്ധനയോടെയും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന താക്കീതോടെയും ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 63,000/- (അറുപത്തി മൂവായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇലകമൺ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ